ഉത്തരം.

(എ) & (ബി) നിലം, പുരയിടം എന്ന പ്രത്യേകം തിരിച്ചു കണക്കു വച്ചിട്ടില്ല. ദേവസ്വങ്ങളുടെ കൈവശമുള്ള ഭൂമിയുടെ മൊത്തം വിസ്തീർണ്ണം 48,322 ഏക്കർ, 22 സെൻറും, മറ്റു മതസ്ഥാപനങ്ങളുടേയും ട്രസ്റ്റുകളുടേയും കൈവശമുള്ളതു് 20,970 ഏക്കറുമാണു്.

തൃശ്ശൂർ–വേലന്താവളം ലൈനിൽ ഓടുന്ന ബസ്സുകൾ.

175. [11] ശ്രീ. എം. പി. മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ–വേലന്താവളം ലൈനിൽ എത്ര ബസ്സുകളാണു് ഇന്നോടുന്നതു്;

(ബി) ഇവയുടെ റണ്ണിംഗ് ടൈം എത്രയാണു്;

(സി) ഈ ലൈനിൽ കൂടുതൽ ബസ്സുകൾ ഓടിക്കുന്നതു് ഏതു കമ്പനിക്കാരാണു്;

(ഡി) ഈ ലൈനിൽ എക്സ്പ്രസ്സ്, സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ആറു് (6).

(ബി) അഞ്ചു മണിക്കൂർ.

(സി) അഞ്ചു ബസ്സുകളും പി. എൻ. കൃഷ്ണയ്യർ അൻറ് സൺസ്, ലിമിറ്റഡ് തൃശ്ശൂർ എന്ന കമ്പനിയുടെ വകയാണു്.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

കടയ്ക്കൽ ആശുപത്രി.

176. [14] ശ്രീ. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടയ്ക്കൽ ആശുപത്രി കെട്ടിടത്തിൻറെയും, കമ്പൗണ്ടിൻറെയും ഇന്നത്തെ സ്ഥിതിയെപ്പറ്റി വല്ല പരാതിയും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെക്കും അതു് സംബന്ധിച്ചു് യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുവാനുള്ള കാരണം എന്തു്?

ഉത്തരം.

പരാതി കിട്ടിയിട്ടില്ല. പോസ്റ്റ്മാർട്ടം ഷെഡ്ഡു്, അടുക്കള, കക്കൂസു മുതലായവ പണിയുന്നതിനുവേണ്ട നടപടികൾ ഏടുക്കുന്നുണ്ടു്.

ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുവാനുള്ള അവകാശം.

177. [15] ശ്രീ. പി. കെ. കുഞ്ചുൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ടു് തൊഴിലാളികൾക്കു് ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ സംഘടിക്കുവാനുള്ള അവകാശം ഗവണ്മെൻറ് അംഗീകരിക്കുകയുണ്ടായോ

LIBRARY ARCHIVES Kerala Legislative Assembly

(ബി) യൂണിയൻ അനുവദിച്ചതിനുശേഷം,

1. Industrial disputes Act, 1947
2. Industrial disputes (Amendment), Act, 1953
3. Industrial disputes Appellate Tribunal Act
4. Workmen's Compensation Act, 1923
5. Industrial Employment standing Orders Act, 1946
6. Payment of wages Act, 1934
7. Factories Act, 1948 മുതലായ [illegible] അവക്ക് ബാധകമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ ആക്റ്റുകളും അവക്ക് ബാധകമാക്കുന്നതിനു് സത്വര നടപടികളും സ്വീകരിക്കാൻ ഗവണ്മെന്റിനു് ഉദ്ദേശ്യമുണ്ടോ എന്നതു് ?

ഉത്തരം.

(എ) അംഗീകരിച്ചിട്ടുണ്ടു്.

(ബി) ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്റ്റ് തുടങ്ങിയ എല്ലാ നിയമങ്ങളും യൂണിയനു് ബാധകമാക്കിയിട്ടുണ്ടു്.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

പബ്ലിക്ക് വർക്ക്സ് കമ്മിറ്റികൾ.

178. [16] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക്ക് വർക്ക്സ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതു് എന്തിനുവേണ്ടിയാണു് ;

(ബി) ഓരോ സബ്ഡിവിഷനതിന്നിയിലും ചെയ്യുതീർക്കേണ്ട സിവിൽ വർക്കുകളുടെ ലിസ്റ്റ് തയ്യാറാക്കി അതിന്റെ പ്രയോറിറ്റിയും നിശ്ചയിച്ചുകഴിഞ്ഞാൽ അതിനു് മാറ്റംവരുത്തുന്നതു് ഏതുദ്ദേശത്തോടുകൂടിയാണു് ;

(സി) ഈ സമ്പ്രദായം അവസാനിപ്പിക്കുന്നതിനു് ഗവണ്മെന്റ് തയ്യാറാകുമോ ?

ഉത്തരം.

(എ) മരാമത്തു പണികൾ നടത്തുന്നതിലേക്കു് പ്രാദേശിക അടിസമാനത്തിൽ ഗവണ്മെന്റിനോടു് ശുപാർശ ചെയ്യുന്നതിനാണു് പബ്ലിക്ക വർക്ക്സ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതു്. വിശദവിവരങ്ങൾ അടങ്ങിയ ഗവണ്മെൻറുത്തരവിന്റെ പകർപ്പു് മേശപ്പുറത്തു് വച്ചിട്ടുണ്ടു്. *

(ബി) സബ്ഡിവിഷൻ കമ്മിറ്റികൾ തെരഞ്ഞെടുക്കുന്ന ജോലികൾ സെൻട്രൽ വർക്ക്സ് കമ്മിറ്റിയുടെ പരിഗണനക്കു് വിധേയമാക്കണമെന്നാണു് നിശ്ചയിച്ചിട്ടുള്ളതു്. ഈപ്രകാരം പരിഗണിക്കുമ്പോൾ

* Please see Appendix VII

LIBRARY ARCHIVES Kerala Legislative Assembly